പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6457 — 09.07.2014-ൽ മറുപടിയ്ക്ക്

# വൈദ്യുതി ബോർഡിൻെറ ആസ്തി ബാദ്ധ്യതകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | കേരള സംസ്ഥാന വൈദ്യുതി ബോർഡിൻെറ നിലവിലുള്ള ആസ്തി എത്രയെന്നും നിലവിലുള്ള കടബാധ്യത എത്രയെന്നും വ്യക്തമാക്കുമോ ; | (എ) | 2012-13 സാമ്പത്തിക വർഷത്തെ ആഡിറ്റ് നടന്നു കൊണ്ടിരിക്കുന്ന താത്കാലിക കണക്കുപ്രകാരം ഫിക്സഡ് അസറ്റുകളുടെ ഗ്രോസ് വാല്യൂ 12692.87 കോടി രൂപയും ഇതുവരെ തേയ്മാനം (ഡിപ്രീസിയേഷൻ) കഴിഞ്ഞുള്ള നെറ്റ് വാല്യൂ 6868.81 കോടി രൂപയുമാണ്. പ്രസ്തുത നെറ്റ് വാല്യൂ ഉൾപ്പെടെയുള്ള മൊത്തം ആസ്തി 13548.33 കോടി രൂപയാണ്.<br>പ്രസ്തുത സാമ്പത്തികവർഷം ബോർഡിന്റെ കടബാധ്യത ഇപ്രകാരമാണ്. ക്യാപിറ്റൽ ലയബിലിറ്റീസ് (മൂലധനവായ്പ) 2134.20 കോടി രൂപയും വർക്കിംഗ് ക്യാപിറ്റലിനു വേണ്ടിയുള്ള ലോൺ 1942.97 കോടി രൂപയും ഉൾപ്പെടെ 4077.7 കോടി രൂപയാണ്. |
| (ബി) | കെ.എസ്.ഇ.ബി നിലവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് വായ്പ എടുത്തിട്ടുള്ളതെന്നും ആയത് എത്ര കോടി രൂപ വീതമാണെന്നും ഓരോ സ്ഥാപനത്തിനും പലിശയിനത്തിൽ പ്രതിമാസം ബോർഡ് അടയ്ക്കേണ്ട തുക എത്രയെന്നും വ്യക്തമാക്കുമോ ; | (ബി) | 30.03.2014 വരെയുള്ള കെ.എസ്.ഇ.ബി-യുടെ കടബാധ്യതയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കെ.എസ്.ഇ.ബി യുടെ പ്രതിമാസ വരുമാനവും പ്രതിമാസ ചെലവും ശരാശരി എത്രയെന്ന് വ്യക്തമാക്കുമോ ; | (സി) | 2012-13 സാമ്പത്തിക വർഷത്തെ ആഡിറ്റ് നടന്നു കൊണ്ടിരിക്കുന്ന താത്കാലിക കണക്കുപ്രകാരം ബോർഡിന്റെ ആകെ വരവ് 7659.21 കോടി രൂപയും ആകെ ചെലവ് 11417.38 കോടി രൂപയും ആണ്. ഇപ്രകാരം 2012-13 കാലയളവിൽ പ്രതിമാസ |

വരുമാനം 638.27 കോടി രൂപയും പ്രതിമാസ ചെലവ് 951.45 കോടി രൂപയുമാണ്.

2013-14-ലെ കണക്കെടുപ്പ് പൂർത്തിയായിട്ടില്ല.

(ഡി) കെ.എസ്.ഇ.ബി യുടെ കടം ലഘൂകരിക്കാനും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കാതിരിക്കാനും എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(ഡി) വൈദ്യുതി നിയമം 2003-ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്ത് വൈദ്യുതിചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. വൈദ്യുതി വാങ്ങൽ ചെലവിലുണ്ടാകുന്ന വർദ്ധനവു കാരണവും പണപ്പെരുപ്പം കാരണവും സാധനസാമഗ്രികളുടെ വില വർദ്ധനവു കാരണവും വൈദ്യുതിയുടെ വിതരണച്ചെലവിൽ ഓരോ വർഷവും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ ഇതിനനുസരിച്ച് വൈദ്യുതി താരിഫ് ക്രമമായി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ 2014-15 വർഷത്തേക്ക് വൈദ്യുതി ബോർഡ് പ്രതീക്ഷിക്കുന്ന വരുമാന കമ്മി 2931.21 കോടി രൂപയാണ്. ടി നഷ്ടം സഹിച്ചുകൊണ്ട് സംസ്ഥാന വൈദ്യുതി ബോർഡിന് നിലനിൽക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ടി സാഹചര്യത്തിൽ 2014-15-ലേക്കുള്ള പ്രതീക്ഷിത വരുമാന കമ്മിയായ 2931.21 കോടി രൂപയുടെ ഒരു ഭാഗം മാത്രം പ്രതീക്ഷിക്കുന്ന വരുമാന കമ്മിയുടെ 48 $^{1}/_{2}$ ശതമാനത്തോളം അതായത് 1423.63 കോടി രൂപ താരിഫ് വർദ്ധനവിലൂടെ നികത്താനുള്ള നിർദ്ദേശങ്ങളാണ് വൈദ്യുതി ബോർഡ് സംസ്ഥാന റഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്. ബാക്കി വരുന്ന കമ്മി റഗുലേറ്ററി അസറ്റായി കണക്കാക്കാനും കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെയും വൈദ്യുതി വാങ്ങൽച്ചെലവു കുറക്കുന്നതിലൂടെയും വൈദ്യുതി ബോർഡിന്റെ കമ്മി ഘട്ടം ഘട്ടമായി കുറക്കാനുമാണ് വൈദ്യുതി ബോർഡ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ.

ഠ.നം.6457

# അനുബന്ധം.

| | ബാങ്ക്/ധനകാര്യ സ്ഥാപനത്തിന്റെ പേര്. | നിലവിലുള്ള വായ്പാ തുക. (കോടിയിൽ) (31.03.14) (രൂ) | പലിശയിനത്തിലുള്ള (പ്രതിമാസ അടവ്) തവണ (കോടിയിൽ) (രൂ) |
|---|---|---|---|
| I. | ഓവർഡ്രാഫ്റ്റ് | കടമായി നിൽക്കുന്ന തുക. | |
| 1. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 171.18 | 1.46. |
| 2. | കാനറ ബാങ്ക് | 994.85 | 8.45. |
| 3. | വിജയ ബാങ്ക് | 199.36 | 0.84 |
| 4. | യൂണിയൻ ബാങ്ക് | 198.57 | 1.70. |
| 5. | കേരള ഗ്രാമീൺ ബാങ്ക് | 50.00 | 0.44. |
| 6. | ഫെഡറൽ ബാങ്ക് | 201.03 | 4.34. |
| 7. | സിൻഡിക്കേറ്റ് ബാങ്ക് | 0.00 | 0.88. |
| | ആകെ (A) | 1714.99 | 18.11. |
| II. | ഹ്രസ്വകാല വായ്പ | | |
| 1. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 300.00 | 2.66. |
| 2. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 265.00 | 2.32. |
| 3. | വിജയ ബാങ്ക് | 200.00 | 1.70. |
| 4. | സൗത്ത് ഇന്ത്യൻ ബാങ്ക് | 400.00 | 3.58. |
| 5. | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 300.00 | 2.63. |
| 6. | ബാങ്ക് ഓഫ് ഇന്ത്യ | 200.00. | 1.83. |
| 7. | ധനലക്ഷ്മി ബാങ്ക് | 100.00. | 0.96. |
| 8. | കെ.ടി.ഡി.എഫ്.സി | 26.00. | 0.25. |
| | ആകെ (B) | 1791.00 | 15.93. |

| | | | പലിശയിനത്തിലുള്ള തുക |
|---|---|---|---|
| | ദീർഘകാലവായ്പ | | |
| 1. | എൽ.ഐ.സി. | 15.67 | 0.15 |
| 2. | ആർ.ഇ.സി. | 181.17 | 2.05 |
| 3. | ആർ.ഇ.സി ആർ.ജി.ജി.വി.വൈ. | 12.70 | 0.11 |
| 4. | ആർ.ഇ.സി (ട്രാൻസ്മിഷൻ) | 132.46 | 0.92 |
| 5. | പി.എഫ്.സി - പള്ളിവാസൽ. | 188.50 | 0.97 |
| 6. | പി.എഫ്.സി - ആർ.എ.പി.ഡി.ആർ.പി | 251.00 | 0.00 |
| | ആകെ (C) | 781.50 | 4.20 |
| (iv) | മധ്യകാലവായ്പ | | |
| 1. | ആർ.ഇ.സി- MTL-I | 500.00 | 5.41 |
| 2. | ആർ.ഇ.സി- MTL-II | 150.00 | 1.66 |
| | ആകെ (D) | 650.00 | 7.07 |
| (v) | സ്ഥിരനിക്ഷേപത്തിന്മേലുള്ള ഓവർഡ്രാഫ്റ്റ്. | | |
| 1. | ഫെഡറൽ ബാങ്ക്. | 31.50 | 0.26 |
| 2. | " " | 45.00 | 0.39 |
| 3. | " " | 247.00 | 2.15 |
| | ആകെ (E) | 323.50 | 2.80 |
| | GRAND TOTAL. (A)+(B)+(C)+(D)+(E) | 5260.99 | 48.11 |

സെക്ഷൻ ഓഫീസർ